**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3841** **06-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് കമ്പമലയിലെ തോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കെ.എഫ്.ഡി.സി.യ്ക്ക് കീഴിൽ വയനാട് ജില്ലയിലെ കമ്പമലയിൽ പ്രവർത്തിക്കുന്ന തോട്ടത്തിൽ എത്ര സ്ഥിരം തൊഴിലാളികൾ ഉണ്ടെന്നും എത്ര പേർ താത്കാലികമായി ജോലി ചെയ്യുന്നു എന്നുമുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സ്ഥിരം തൊഴിലാളികൾ - 108 താല്ക്കാലിക തൊഴിലാളികൾ - 38 |
| (ബി) | ഈ തോട്ടത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മാനന്തവാടി കമ്പമല തേയില തോട്ടം വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ 5 വർഷങ്ങളിലെ സഞ്ചിത നഷ്ടം 5.86 കോടി രൂപയാണ്. 2019-20-ൽ 123 ലക്ഷത്തിന്റെ നഷ്ടവും 2021-ൽ 20.08 ലക്ഷത്തിന്റെ നഷ്ടവും ഉണ്ടായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം എല്ലാ വരുമാന മാർഗ്ഗങ്ങളും നിലച്ചതിനാലും കൈവശമുള്ള ഫണ്ടുകൾ (ഓവർ ഡ്രാഫ്റ്റ് ഉൾപ്പെടെ) ഉപയോഗിച്ച് തീർന്നതിനാലും കോർപ്പറേഷൻ, ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. തൊഴിലാളികൾക്കും ജീവനക്കാർക്കുമുള്ള വേതനത്തിനും മറ്റ് ചെലവുകൾക്കും കെ.എഫ്.ഡി.സി.യിൽ തനത് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തുന്നത് കെ.എഫ്.ഡി.സി. അക്കൗണ്ടിൽ തുക തീർത്തും ഇല്ലാതായ സാഹചര്യത്തിൽ ചെലവുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി താല്ക്കാലിക തൊഴിലാളികളുടെ സേവനം നിർത്തിവെച്ചിരിക്കുകയാണ്. |
| (സി) | എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഇക്കോടൂറിസം, തടി വിൽപ്പന നാണ്യവിള വിൽപ്പന എന്നിവ പുനരുജ്ജീവിപ്പിച്ച് കെ.എഫ്.ഡി.സി-യുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ